പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1068. 13.6.2013 ൽ മറുപടിക്ക്

**കോളേജുകൾക്ക് സ്വയംഭരണാവകാശം**

**ചോദ്യം** **മറുപടി**

ശ്രീ. കെ.എൻ.എ.ഖാദർ.

ശ്രീ.പി.കെ. അബ്ദുറബ്ബ്

(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | മികച്ച കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകാനുള്ള സർക്കാർ തീരുമാനം നടപ്പിലാക്കുവാൻ സ്വീകരിച്ച നടപടി എന്തൊക്കെ; വിശദീകരിക്കുമോ; | എ) | സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ രംഗത്ത് ഉയർന്ന നിലവാരം പുലർത്തുന്ന സർക്കാർ/എയ്ഡഡ് മേഖലയിലുള്ള തിരഞ്ഞെടുത്ത ആർട്സ് & സയൻസ് കോളേജുകൾക്കും എഞ്ചിനീയറിംഗ് കോളേജുകൾക്കും അക്കാഡമിക് സ്വയംഭരണാവകാശം നൽകുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി വിദ്യാഭ്യാസ വകുപ്പ് മന്ത്രി ചെയർമാനായി ഒരു സ്വയംഭരണ അംഗീകാര സമിതി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ സ്വയംഭരണാവകാശം സംബന്ധിച്ച ഒരു പ്രത്യേക അദ്ധ്യായം വിവിധ സർവ്വകലാശാലകളുടെ നിയമങ്ങളിൽ ഉൾപ്പെടുത്തുന്നതിനായി രൂപ രേഖ തയ്യാറാക്കുന്നതിന് നിയമ വകുപ്പ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എന്നിവർ അംഗങ്ങളായ ഒരു രണ്ടംഗ സമിതിയും രൂപീകരിച്ചിട്ടുണ്ട്. |
| ബി) | ഈ പദ്ധതിയിൽ ഉൾപ്പെടുത്തുവാനുള്ള സ്ഥാപനങ്ങളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ ;എങ്കിൽ ആയതിനായി സ്വീകരിച്ച മാനദണ്ഡം എന്തൊക്കെ; വിശദമാക്കുമോ; | ബി) | ഇല്ല. സ്വയംഭരണാവകാശം നേടുന്നതിനായി കോളേജുകൾക്ക് ഉണ്ടായിരിക്കേണ്ട മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br>1. അക്കാദമികവും ഭരണപരവുമായ മികച്ച പ്രവർത്തന മികവോടെ കുറഞ്ഞത് പത്ത് വർഷമെങ്കിലും പ്രവർത്തിച്ച വരുന്ന കോളേജായിരിക്കണം.<br>2. NAAC ന്റെ എഗ്രേഡ് അക്രിഡിറ്റേഷൻ നേടിയിരിക്കണം.<br>3. കോളേജിലെ 1/3 അദ്ധ്യാപകർ എം.ഫിൽ/പി.എച്ച്.ഡി. തുടങ്ങിയ ഗവേഷണ യോഗ്യതകൾ നേടിയവരാകണം.<br>4. കോളേജിൽ ബിരുദതലത്തിലും ബിരുദാനന്തരബിരുദ തലത്തിലുമുള്ള പഠനപ്രവർത്തനങ്ങൾ ഉണ്ടാകണം.<br>5. സർവ്വകലാശാല പരീക്ഷകൾ, |

| | | |
|---|---|---|
| | | യുവജനോത്സവങ്ങൾ, സ്പോർട്സ് & ഗെയിംസ്, എക്സ്റ്റൻഷൻ പ്രവർത്തനങ്ങൾ, കമ്മ്യൂണിറ്റി പ്രവർത്തനങ്ങൾ എന്നിവയിൽ മുൻകാലങ്ങളിൽ മികച്ച പ്രവർത്തനം നടത്തിയ കോളേജായിരിക്കണം.<br><br>6. ലൈബ്രറി, ഹോസ്റ്റൽ സൗകര്യങ്ങൾ, ഉപകരണങ്ങൾ, സ്റ്റാഫ് ക്വാർട്ടേഴ്സ്, ഐ.സി.റ്റി സഹായത്തോടെയുള്ള സേവനങ്ങൾ തുടങ്ങി പര്യാപ്തമായ അക്കാദമികവും ഭൗതികവും സാങ്കേതികവുമായ അടിസ്ഥാന സൗകര്യങ്ങളുള്ള കോളേജുകളായിരിക്കണം.<br>7. കോളേജുകൾക്ക് ഉന്നത നിലവാരം പുലർത്തുന്ന സ്ഥാപന ഭരണ സംവിധാനം, ഭരണ പരിശീലനം, സേവന സംസ്കാരം, അച്ചടക്കം, പരിഷ്കരണത്തിനുള്ള മുൻകൈയെടുക്കൽ, അംഗീകൃത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അദ്ധ്യാപകരുടെയും സ്റ്റാഫിന്റെയും വിദ്യാർത്ഥികളുടെയും തെരഞ്ഞെടുക്കൽ, പരാതി പരിഹാര സംവിധാനം എന്നിവ ഉണ്ടായിരിക്കണം.<br>8. ദുർബ്ബല വിഭാഗങ്ങൾക്ക് അവകാശ തുല്യതയും വിവേചനത്തിനെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്ന പ്രവർത്തന പരിപാടികൾ കാഴ്ചവെയ്ക്കുന്ന കോളേജുകളായിരിക്കണം.<br>9. പരീക്ഷാ സമ്പ്രദായത്തിന്റെ സത്യസന്ധത എല്ലാ അർത്ഥത്തിലും കാത്തു സൂക്ഷിക്കുന്നതിന് കോളേജുകൾ പ്രാപ്തമായിരിക്കണം.<br><br>10. കാലവിളംബമില്ലാതെ ചുമതലകൾ നിർവ്വഹിക്കുന്നതിനായി, സ്വയംഭരണാവകാശം നേടാൻ ആഗ്രഹിക്കുന്ന കോളേജുകൾ, തങ്ങളുടെ മാനേജ്മെന്റ്, അദ്ധ്യാപകർ, ഇതരജീവനക്കാർ, വിദ്യാർത്ഥികൾ എന്നീ വിഭാഗങ്ങളെ തയ്യാറാക്കേണ്ടതാണ്.<br>11. ഓട്ടോണമി പദവി നൽകുന്ന കോളേജുകളിൽ യൂജിസി നിഷ്കർഷിക്കുന്ന തരത്തിലുള്ള ഗവേണിംഗ് ബോഡി, അക്കാദമിക് കൗൺസിൽ, ബോർഡ് ഓഫ് സ്റ്റഡീസ്, ഫിനാൻസ് കമ്മിറ്റി എന്നിവ രൂപീകരിക്കേണ്ടതാണ്. |

| | | | |
|---|---|---|---|
| സി) | സ്വയംഭരണാംഗീകാരം സമിതിയുടെ ഘടനയും രൂപവും ഏതുവിധമാണ്; വ്യക്തമാക്കുമോ; | സി) | സ്വയംഭരണ അംഗീകാര സമിതിയുടെ ഘടന ചുവടെ ചേർക്കുന്നു.<br>വിദ്യാഭ്യാസ വകുപ്പ് മന്ത്രി -- ചെയർമാൻ<br>വൈസ് ചെയർമാൻ, കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ.<br>-- വൈസ് ചെയർമാൻ.<br>ധനകാര്യ വകുപ്പ് സെക്രട്ടറി -- മെമ്പർ.<br>ചെയർമാൻ നിർദ്ദേശിക്കുന്ന അംഗീകൃത സർവ്വകലാശാലയുടെ വൈസ് ചാൻസലർ - മെമ്പർ.<br>സർക്കാർ നിർദ്ദേശിക്കുന്ന കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിലെ ഒരു അംഗം -- മെമ്പർ.<br>നിയമ വകുപ്പ് സെക്രട്ടറി – മെമ്പർ.<br>ഉന്നത വിദ്യാഭ്യാസവകുപ്പ് സെക്രട്ടറി -- മെമ്പർ സെക്രട്ടറി. |
| ഡി) | സ്വയംഭരണാനുമതി നൽകുന്നതോടെ സർക്കാരിന്റെ സാമ്പത്തിക ഉത്തരവാദിത്വങ്ങൾ അവസാനിക്കുമോ; | ഡി) | ഇല്ല. |
| ഇ) | ഈ അധികാരം ലഭിക്കുന്ന സ്ഥാപനങ്ങളുടെ സിലബസ്സുകൾ തയ്യാറാക്കുന്നതും പരീക്ഷകൾ നടത്തുന്നതും പ്രസ്തുത സ്ഥാപനങ്ങൾ തന്നെയായിരിക്കുമോ; വിശദമാക്കുമോ? | ഇ) | സ്വയംഭരണവകാശം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് അക്കാഡമിക് സ്വയംഭരണം മാത്രമാണ്. പുതിയ കോഴ്സുകൾ തുടങ്ങാനും സിലബസ് രൂപവൽക്കരിക്കാനും പരിഷ്കരിക്കാനും കോളേജുകൾക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. പരീക്ഷ നടത്തുന്നതും ഉത്തരക്കടലാസുകൾ പരിശോധിക്കുന്നതും കോളേജുകളായിരിക്കും. മാർക്ക് ലിസ്റ്റും പ്രൊവിഷണൽ സർട്ടിഫിക്കറ്റും നൽകുവാൻ കോളേജുകൾക്ക് അധികാരമുണ്ടായിരിക്കും. എന്നാൽ ബിരുദ സർട്ടിഫിക്കറ്റ് നൽകാനുള്ള അധികാരം ബന്ധപ്പെട്ട സർവ്വകലാശാലയിൽ നിക്ഷിപ്തമായിരിക്കും. |

സെക്ഷൻ ഓഫീസർ.